ജില്ലാ കളക്ടറുടെ കാര്യാലയം
വയനാട്.കൽപ്പറ്റ
ഫോൺ.04936 202251,ഫാക്സ്. 04936 203450
ഇമെയിൽ: dcwayanad@gmail.com

**വയനാട് ജില്ലാ കലക്ടർ & ചെയർമാൻ ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ നടപടിക്രമം**

**(ഹാജർ: ഡോ. അദീല അബ്ദുള്ള ഐ.എ.എസ്)**

**ഉത്തരവ് നമ്പർ DCWYD/2909/2020-DM1 തീയതി 18.3.2020**

വിഷയം: ഡിസാസ്റ്റർ മാനേജ്മെന്റ്- കോവിഡ് 19 വ്യാപനം തടയുന്നത് - ആരാധനാലയങ്ങളിൽ ആൾക്കാർ കൂട്ടം കൂടുന്നത് ഒഴിവാക്കുന്നത്-കർശന നിർദ്ദേശം- സംബന്ധിച്ച്.

---

ലോകമെങ്ങും കൊറോണ വൈറസ് മൂലമുള്ള കോവിഡ് 19 എന്ന രോഗം വ്യാപിച്ചിരിക്കുന്നതും എണ്ണായിരത്തോളം പേർ ഇതുവരെ അതുമൂലം മരണപ്പെട്ടിട്ടുമുള്ള സാഹചര്യത്തിൽ കൊറോണ വൈറസ് വ്യാപനം തടയുന്നതിനുള്ള പ്രതിരോധ നടപടികൾ സംസ്ഥാനത്ത് ശക്തമാക്കിക്കൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ നിലവിൽ 398 പേർ ഇതുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ ആണ്. കൊറോണ വൈറസ് വ്യാപനം തടയുന്നതിന് ആളുകൾ കൂട്ടം കൂടുന്നത് തടയേണ്ടത് പ്രധാനമാണ്. ചില രാജ്യങ്ങളിൽ സംഭവിച്ചതുപോലെ കോവിഡ് 19 പകരുന്നത് കമ്യൂണിറ്റി ട്രാൻസ്മിഷൻ, എപിഡെമിക് (മഹാമാരി) എന്നീ ഘട്ടങ്ങളിൽ എത്തുന്ന സാഹചര്യമുണ്ടായാൽ രോഗ വ്യാപനം നിയന്ത്രിക്കുന്നത് അസാധ്യമാകും . ആയതിനാൽ സമൂഹത്തിന്റെ പൊതു നന്മക്കായി കർശന നിയന്ത്രണങ്ങൾ ആവശ്യമാണ്. ഈ സാഹചര്യത്തിൽ ആരാധനാലയങ്ങളിൽ 20 ൽ കൂടുതൽ ആളുകൾ ഒരു സമയത്ത് വരാൻ പാടില്ല എന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 34(m) വകുപ്പ് പ്രകാരം കർശന നിർദ്ദേശം നൽ കുന്നു. കൂടാതെ ആരാധനാലയങ്ങളിൽ വരുന്നവർ തമ്മിൽ ഒരു മീറ്റർ എങ്കിലും അകലം പാലിക്കേണ്ടതാണ്. ചുമ, പനി, തൊണ്ടവേദന, ശ്വാസതടസം തുടങ്ങിയ ലക്ഷണങ്ങൾ ഉള്ളവർ, വിദേശ രാജ്യങ്ങളിൽ നിന്ന് അടുത്തയിടെ വന്നവർ , രോഗ ബാധിതരോ നിരീക്ഷണത്തിൽ ഉള്ളവരുമായോ സമ്പർക്കം പുലർത്തിയവർ എന്നിവർ ആരാധനാലയങ്ങളിൽ പോകാൻ പാടുള്ളതല്ല. വയോജനങ്ങൾ, കുട്ടികൾ എന്നിവർ ആരാധനാലയങ്ങളിൽ പോകുന്നത് കഴിവതും ഒഴിവാക്കേണ്ടതാണ്.

ജില്ലാ കലക്ടർ, വയനാട്

ജില്ലയിലെ മതമേലദ്ധ്യക്ഷൻമാർക്ക്

ജില്ലാ പോലീസ് മേധാവി, വയനാട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.

പകർപ്പ്

DIO- മാധ്യമങ്ങൾക്ക് നൽകുന്നതിന്.